## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 896      20.03.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) എത്ര അന്യസംസ്ഥാന ത്തൊഴിലാളികളാണ് കേരളത്തിൽ ജോലി ചെയ്തുവരുന്നതെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ മുഖേന നടത്തിയ സർവ്വേയിൽ ഏകദേശം 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതായി കണ്ടെത്തി യിട്ടുണ്ട്. |
| (ബി) സംസ്ഥാനം തിരിച്ചുള്ള കണക്ക് നൽകുമോ ; | (ബി) | ഏകദേശം 25 ലക്ഷം തൊഴിലാളികൾ ഉള്ളതിൽ 14.83% പേർ ഉത്തർപ്രദേശിൽ നിന്നും 17.28% പേർ ആസ്സാമിൽ നിന്നും വന്നിട്ടുള്ളതായി കാണുന്നു. |
| (സി) ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല. |
| (ഡി) ഈ തൊഴിലാളികൾക്ക് രജിസ്ട്രേഷനോ ക്ഷേമനിധി ബോർഡോ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമ നിർമ്മാണം സർക്കാർ പരിഗണിച്ചു വരുന്നു. നിലവിലുള്ള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിൽ കുടിയേറ്റ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ.